# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **28.05.2025** മുതൽ **01.06.2025** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എസ്.ഡി - 42/2025 | തീയ്യതി: 27/05/2025 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 265.0 | 26.6 – 30.6 | 22.5 – 25.1 | 92 – 100 | 01 – 04 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 28-05-2025 | 29-05-2025 | 30-05-2025 | 31-05-2025 | 01-06-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 80 | 70 | 60 | 65 | 40 |
| കൂടിയതാപനില, °C | 29 | 29 | 29 | 29 | 29 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 95 | 95 | 95 | 95 | 95 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 6 | 5 | 6 | 6 | 10 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 270 | 270 | 270 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **അതി തീവ്ര മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>മെയ് 28,31 ന് ഒറ്റപ്പെട്ട അതിശക്തിയായ മഴ.<br>മെയ് 29,30 ന് അതി തീവ്രമായ മഴ. | | |
| അപായ സൂചന | മെയ് 23 ന് കാസറഗോഡ് ജില്ലയിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തിയായ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത.<br>തുറസ്സായ സ്ഥലങ്ങളിൽ ഇടിമിന്നൽ ആളുകൾക്കും കന്നുകാലികൾക്കും പരിക്കേൽപ്പിച്ചേക്കാം.<br>കൃഷിയിടത്തിൽ നിന്ന് മണ്ണ് ചിതറിക്കിടക്കുന്നതിലൂടെ വിത്ത് സ്ഥാനചലനം സംഭവിക്കുകയും വിത്തുകളുടെ മുളയ്ക്കൽ കുറയുകയും ചെയ്യുന്നു. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക. | | |

| | | | |
|---|---|---|---|
| | അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br>മണ്ണിനും വേരുകൾക്കും കേടുപാടുകൾ സംഭവിക്കാതിരിക്കാൻ വിളയുടെ ചുവട്ടിൽ പുതയിടുക.<br>വിത്ത് വിതയ്ക്കുന്നത് മാറ്റിവയ്ക്കുക; ഇതിനകം വിതച്ചിട്ടുണ്ടെങ്കിൽ, വയലിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക, വിത്ത് പാകിയ ഭാഗം വൈക്കോൽ, കൃഷിയിട അവശിഷ്ടങ്ങൾ പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ കൊണ്ട് പുതയിടുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി തളിക്കുക. | | |
| നെല്ല് (വിരുപ്പ്: ഒന്നാം വിളകാലം) | പൊടി വിത / നഴ്സറി തയ്യാറാക്കൽ | മണ്ണിലെ ഈർപ്പത്തിന്റെ അളവ് സ്ഥലത്തെ ജല ലഭ്യത എന്നിവ വിലയിരുത്തി നേരത്തെ തന്നെ പൊടിവിത അല്ലെങ്കിൽ പറിച്ചു നടുന്നതിനായി നഴ്സറി തയ്യാറാക്കൽ എന്നീ പ്രവൃത്തികൾ അവലംബിക്കുക.<br>രോഗബാധ തടയുന്നതിനായി നടുന്നതിന് മുൻപ് വിത്ത്, സ്യൂഡോമോണസ് (പത്തു കിലോ ഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ) കലർത്തി തയ്യാർ ചെയ്യണം.<br>നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിന് ചുരുങ്ങിയത് 1 കി. ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു | |
| | നിലമൊരുക്കൽ | മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ പാടം ഉഴുതൽ ആരംഭിക്കുക.<br>ആദ്യത്തെ ഉഴുതലിൽ തന്നെ പച്ചില വളങ്ങൾ, ഉണക്കിപൊടിച്ച ചാണക വളം എന്നിവ (മൊത്തത്തിൽ ഹെക്ടറിനു അഞ്ചു ടൺ നിരക്കിൽ ) മണ്ണുമായി ചേർക്കുക. | |
| തെങ്ങ് | കനത്ത മഴയെത്തുടർന്ന് വെള്ളം കെട്ടിനിൽക്കുക | തുടർച്ചയായ കനത്ത മഴയും വെള്ളം കെട്ടിനിൽക്കലും ഉണ്ടാകുമ്പോൾ താഴെപ്പറയുന്ന രീതികൾ നിർദ്ദേശിക്കുന്നു.<br>കൃഷിയിടത്തിൽ നല്ല നീർവാർച്ചയും ശുചിത്വ സാഹചര്യങ്ങളും ഉറപ്പാക്കുക.മഴ നിലച്ചയുടനെ ഇളം തെങ്ങുകളുടെ തടങ്ങളിൽ നിന്ന് കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുക.തടങ്ങളിലെ മണ്ണിളക്കി വായുസഞ്ചാരം നൽകുക.മണ്ണ് അണുവിമുക്തമാക്കാൻ തടങ്ങളിൽ 1-2 കിലോഗ്രാം കുമ്മായം ഒരു മരത്തിന് എന്ന തോതിൽ പുരട്ടുക.കുമ്മായം പ്രയോഗിച്ചതിന് രണ്ടാഴ്ച കഴിഞ്ഞ് അധിക സൂക്ഷ്മ പോഷക മിശ്രിതം (അയർ @ 250 ഗ്രാം / മരം) പൊട്ടാഷ് (@ 1 കിലോഗ്രാം / മരം) പ്രയോഗിക്കുക.ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നിവ മണ്ണിൽ പ്രയോഗിക്കുക. തെങ്ങുകളുടെ സ്പിൻഡിൽ ഭാഗത്ത് ബോർഡോ മിശ്രിതം (1%) തളിക്കുക. | |
| നെല്ല് | നഴ്സറി ഘട്ടം | തവിട്ടുപുള്ളിക്കുത്ത്<br> | രോഗം ഗുരുതരമാണെങ്കിൽ മാങ്കോസെബ് (75WP) 3 ഗ്രാം / ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ കാർബെൻഡാസിം + മാങ്കോസെബ്75WP 2 ഗ്രാം / ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. |

| | | | |
|---|---|---|---|
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കൊഴിഞ്ഞുപോയ അടക്കകൾ നശിപ്പിച്ചു കളയുക .<br>തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നതിന് മുമ്പായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ട രോഗം  | വാട്ട രോഗത്തിനെതിരെ മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക.<br>കേരള കാർഷിക സർവകലാശാലയുടെ ജൈവ നിയന്ത്രണ ഉപാധിയായ കഡാവർ (cadaver) 4 എണ്ണം വീതം വാഴകളുടെ മധ്യ നിരയിലുള്ള ഇലക്കവിളുകളിൽ, നട്ടുകഴിഞ്ഞു അഞ്ചാമത്തേയും ആറാമത്തെയും മാസങ്ങളിൽ നിക്ഷേപിക്കുക. കഡാവർ (cadaver) ലഭിക്കാൻ കണ്ണാറയിലുള്ള വാഴ ഗവേഷണ കേന്ദ്രവുമായി ബന്ധപെടുക. ഫോൺ: 9605758722 |
| ഇഞ്ചി/മഞ്ഞൾ | നടുന്ന സമയം | വാട്ടം/ചീച്ചൽ | മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകം ( നൂറു കിലോഗ്രാം ചാണകത്തിൽ ഒരു കിലോഗ്രാം ട്രൈക്കോഡെർമ). ഉപയോഗിക്കുക.<br>അല്ലെങ്കിൽ<br>നൂറു ചതുരശ്രമീറ്ററിന് 25 ഗ്രാമ വീതം ട്രൈക്കോഡെർമ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം  | രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രംഓരോതവണയുംഉപയോഗംകഴിഞ്ഞയുടനെകഴുകിസൂക്ഷിക്കുക.പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക.രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായി)

| | | | |
|---|---|---|---|
| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി